RCS/3172/2022-STA(1)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം: തീയതി : 6-4-2022.

സർക്കുലർ നമ്പർ / 19 /22

വിഷയം:- സഹകരണ വകുപ്പ്-സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളുടെ 2021-22 വർഷത്തെ നമ്പർ സ്റ്റേറ്റ് മെന്റും സംഘങ്ങളുടെ പട്ടികയും സമർപ്പിക്കുന്നതിന്- നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള അപ്പെക്സ് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സഹകരണ സംഘങ്ങളുടെയും 2021-22 സാമ്പത്തിക വർഷത്തെ നമ്പർ സ്റ്റേറ്റ് മെന്റും സംഘങ്ങളുടെ പട്ടികയും, ടി. കാലയളവിൽ പുതിയതായി രജിസ്റ്റർ ചെയ്തതും, ലിക്വിഡേറ്റ് ചെയ്തതുമായ സംഘങ്ങളുടെയും വിവരങ്ങൾ നിശ്ചിത പ്രൊഫോർമകളിൽ 31-5-2022 ന് മുൻപായി ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്. ആയതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1)നമ്പർ സ്റ്റേറ്റ്മെന്റും സഹകരണ സംഘങ്ങളുടെ പട്ടികയും.

2021-22 സാമ്പത്തിക വർഷത്തിൽ (2022 മാർച്ച് 31 വരെ) ഓരോ സർക്കിളിലും നിലവിലുള്ള സംഘങ്ങളുടെ എണ്ണം, പൂർണ്ണമായ മേൽവിലാസം, രജിസ്റ്റർ ചെയ്ത തീയതി, രജിസ്റ്റർ നമ്പർ,ഫോൺ നമ്പർ,ചട്ടം 15 പ്രകാരമുള്ള തരംതിരിവ്, സംഘം സ്ഥിതിചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനം, ഇ-മെയിൽ വിലാസം എന്നീ വിവരങ്ങൾ ഉൾപ്പെട്ട ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമകളിൽ (പ്രൊഫോർമ I& II) സമർപ്പിക്കേണ്ടതാണ്. മേൽ വിവരങ്ങൾക്ക് പുറമേ അധികമായി രേഖപ്പെടുത്തുന്ന വിവരങ്ങൾ റിമാർക്സ് കോളത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

സംഘങ്ങളുടെ പേരടങ്ങിയ ലിസ്റ്റിൽ ഓരോ സംഘത്തിന്റേയും നേർക്ക് നിലവിൽ പ്രവർത്തിക്കുന്നതാണോ, പ്രവർത്തന രഹിതമാണോ, ലിക്വിഡേഷനിൽ തുടരുന്നവയാണോ, തുടങ്ങിയ എല്ലാവിവരങ്ങളും ഉൾക്കൊള്ളിക്കേണ്ടതും ചട്ടം 15 പ്രകാരം ഓരോ സംഘത്തേയും സംബന്ധിച്ചുള്ള ശരിയായ തരംതിരിവ് (ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച്) അതാത് കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. കോളങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ അയയ്ക്കുവാൻ പാടില്ലാത്തതും, സംഘങ്ങളെ സംബന്ധിച്ച് കോളത്തിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾ ബാധകമല്ല എങ്കിൽ ആയത് "ബാധകമല്ല" എന്നും കർശനമായി രേഖപ്പെടുത്തേണ്ടതാണ്. സ്റ്റേറ്റ് മെന്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ സംഘങ്ങളുടേയും പേരടങ്ങിയ ലിസ്റ്റ് പ്രൊഫോർമ II ൽ സമർപ്പിക്കേണ്ടതാണ്.

2)പുതിയതായി രജിസ്റ്റർ ചെയ്യുന്നതും ലിക്വിഡേറ്റ് ചെയ്യുന്നതുമായ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ

2021-22 സാമ്പത്തിക വർഷത്തിൽ പുതിയതായി രജിസ്റ്റർ ചെയ്ത/ലിക്വിഡേറ്റ് ചെയ്ത സഹകരണ സംഘങ്ങളുടെ പേര്, മേൽവിലാസം, ഫോൺ നമ്പർ, രജിസ്റ്റർ നമ്പർ, രജിസ്റ്റർ ചെയ്ത/ലിക്വിഡേറ്റ് ചെയ്ത തീയതി, തരംതിരിവ് എന്നിവ അടങ്ങിയ ലിസ്റ്റ് പ്രത്യേകം പ്രൊഫോർമകളിൽ (പ്രൊഫോർമ III (A) പ്രൊഫോർമ III(B)) സമർപ്പിക്കേണ്ടതാണ്.

നമ്പർ സ്റ്റേറ്റ്മെന്റും സംഘങ്ങളുടെ പട്ടികയും നിശ്ചിത സമയപരിധിക്കകം തെറ്റുകൾ കൂടാതെ കൃത്യതയോടെ ഈ ആഫീസിൽ സമർപ്പിക്കേണ്ടതും, സമർപ്പിക്കുന്ന വിവരങ്ങൾ പൂർണ്ണമാണെന്നും അവ കൃത്യസമയത്തു തന്നെ ഈ ആഫീസിൽ സമർപ്പിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. നമ്പർ സ്റ്റേറ്റുമെന്റുകൾ ഇ-മെയിലിൽ സമർപ്പിക്കേണ്ടതാണ്.

ഇ-മെയിൽ വിലാസം:- costat.rcs@gmail.com

ഒപ്പ് /-

Dr. Adeela Abdulla
സഹകരണ സംഘം രജിസ്ട്രാർ

ഉള്ളടക്കം:-
പ്രൊഫോർമ I,II,III(A),III(B)
പകർപ്പ്:-

1)എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
2)എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും.
3)എഡിറ്റർ സഹകരണ വീഥി/സഹകരണ ജേർണൽ.
4)വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
5) സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

അഡീഷണൽ രജിസ്ട്രാർ (പ്ലാനിംഗ്)